"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂവകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരം മുക്കോണിമുക്ക് ജംഗ്ഷനിൽ ടിപ്പർ ലോറി മറിഞ്ഞുണ്ടായ അപകടത്തിൽ പരിക്കേറ്റ കൗശൽ S/oസന്തോഷ് കുമാർ എന്ന കുട്ടിയുടെ ചികിത്സാചിലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

G.O.(Rt)No.1201/2026/RD തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.194/2026/RD തീയതി 25.06.2026
2. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ(ആരോഗ്യം) 29.06.2026 ലെ ഡി2-3163/26/ജി.മെ.ആ നമ്പർ കത്ത്
3. കൊല്ലം ജില്ലാ കളക്ടറുടെ 01.07.2026 തീയതിയിലെ DCKLM/6461/2026-N7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരത്ത് നിന്നും കൊട്ടാരക്കരയിലേക്ക് പോകുന്ന റോഡിൽ മുക്കോണിമുക്ക് ജംഗ്ഷനിൽ നിന്നവരുടെ മുകളിലേക്ക് 23.06.2026 ന് രാവിലെ മണ്ണ് നിറച്ച ടിപ്പർലോറി (KL-12-D-9578) മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചും, പരിക്കേറ്റവരുടെ മുഴുവൻ ചികിത്സാചിലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണെന്നും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. അപകടത്തെതുടർന്ന് ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ തുടരുന്ന 15 വയസ്സുള്ള കൗശൽ, S/o സന്തോഷ് കുമാർ, അന്നൂർ, എഴുകോൺ, അമ്പലത്തുംകാല, കൊല്ലം എന്ന കുട്ടിയുടെ കുടുംബത്തിന് ചികിത്സയ്ക്കുള്ള സാമ്പത്തികസ്ഥിതി കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുള്ളതായി അറിയിച്ചതായും, അതിനാൽ ചികിത്സയുമായി ബന്ധപ്പെട്ട് 23.06.2026 മുതൽ 26.06.2026 തീയതി വരെ ചെലവായ 2,99,452/- രൂപ ആദ്യഗഡുവായി അനുവദിക്കണമെന്നും പരാമർശം 3 പ്രകാരം കൊല്ലം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.മെഡിക്കൽ ബില്ലുകൾ പരിശോധിച്ചതിൽ 2,99,452/- രൂപ അനുവദനീയമാണെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കൊട്ടാരക്കര

താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരം മുക്കോണിമുക്ക് ജംഗ്ഷനിൽ ടിപ്പർലോറി മറിഞ്ഞുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ തുടരുന്ന കൗശിക് (S/o സന്തോഷ് കുമാർ, അന്നൂർ, എഴുകോൺ,കൊല്ലം)എന്ന കുട്ടിയുടെ 23.06.2026 മുതൽ 26.06.2026 തീയതി വരെയുള്ള ചികിത്സയ്ക്ക് ചെലവായ തുകയായ 2,99,452/- രൂപ(രണ്ട് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി നാന്നൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 2,99,452/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി നാന്നൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JEEVAN BABU K I A S
SPECIAL SECRETARY

ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kumari Sindhu S**
**Date: 02-07-2026 16:16:47**

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്